# സദ്വാർത്ത

An official publication of Church of God (Full Gospel) in India, Central West Region

VOL. 40 ISSUE 6 | PUBLISHED FROM MUMBAI | BI-MONTHLY | JUN - JUL 2026


# സദ്വാർത്തയുടെ ഔദ്യോഗിക വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

**മുംബൈ :** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ സെൻട്രൽ വെസ്റ്റ് റീജിയന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ സദ്വാർത്തയുടെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകിക്കൊണ്ട്, നൂതന സാങ്കേതിക സംവിധാനങ്ങളോടുകൂടിയ സദ്വാർത്തയുടെ പുതിയ ഔദ്യോഗിക വെബ്സൈറ്റ് 2026 ജൂൺ 22ന് വിക്രോളി സഭയിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ ഉദ്ഘാടനം ചെയ്തു.

പൂർണ്ണമായും പരസ്യ രഹിതമായ ഈ വെബ്സൈറ്റ് വായനക്കാർക്ക് തടസ്സങ്ങൾ ഇല്ലാത്ത വായനാനുഭവം നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. വെബ്സൈറ്റിന്റെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേകതകളിലൊന്നാണ് വാർത്തകളും ലേഖനങ്ങളും മലയാളം, ഹിന്ദി ഭാഷകളിൽ നിന്ന് ഇംഗ്ലീഷിലേക്ക് തൽക്ഷണ വിവർത്തനം ചെയ്യാനുള്ള സൗകര്യം ലഭ്യമാണെന്നത്. **www.sadhwartha.in** എന്ന വിലാസത്തിൽ വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. ഇതിലൂടെ ഇന്ത്യയിലെയും വിദേശങ്ങളിലും വിവിധ ഭാഷകൾ സംസാരിക്കുന്ന വിശ്വാസികൾക്ക് സദ്വാർത്തയുടെ ഉള്ളടക്കം എളുപ്പത്തിൽ വായിക്കുവാനും പങ്കുവെക്കുവാനും സാധിക്കും.

ഈ പ്രത്യേക സമ്മേളനത്തിൽ പാസ്റ്റർ ബിജു തങ്കച്ചൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ജിക്സൺ ജെയിംസ് പ്രാരംഭ പ്രാർത്ഥന നിർവഹിച്ച് യോഗത്തിന് തുടക്കം കുറിച്ചു. തുടർന്ന് പാസ്റ്റർ ഷിബു മാത്യു സങ്കീർത്തന വായനയും പാസ്റ്റർ ബിജു എം. ജി. പ്രത്യേക പ്രാർത്ഥനയും നടത്തി. സദ്വാർത്തയുടെ പ്രവർത്തനങ്ങളെകുറിച്ച് പബ്ലിക്കേഷൻ ഡയറക്ടർ പാസ്റ്റർ ബിജു തങ്കച്ചൻ വിശദീകരണം നൽകി. തുടർന്ന് *'ക്രിസ്തീയ എഴുത്തും, ക്രിസ്തീയ എഴുത്തുകാരുടെ സ്വാധീനവും സാമൂഹിക ഉന്നമനത്തിൽ'* എന്ന വിഷയത്തെ ആസ്പദമാക്കി സദ്വാർത്ത ചീഫ് എഡിറ്റർ പാസ്റ്റർ മനു കെ. ചാക്കോ സന്ദേശം നൽകി. സുവിശേഷ ദൗത്യത്തിനും സഭയുടെ ആശയവിനിമയ പ്രവർത്തനങ്ങൾക്കും ശക്തമായ ഡിജിറ്റൽ അടിത്തറ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ വെബ്സൈറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

തുടർന്ന് സെൻട്രൽ വെസ്റ്റ് റീജിയൻ റീജിയണൽ ഓവർസീയർ പാസ്റ്റർ ഇ. പി. സാംകുട്ടി ഉദ്ഘാടന സന്ദേശം നൽകുകയും, സദ്വാർത്തയുടെ പുതിയ ഔദ്യോഗിക വെബ്സൈറ്റ് സമർപ്പിച്ച് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ഡിജിറ്റൽ മാധ്യമങ്ങളുടെ സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി സുവിശേഷ പ്രവർത്തനങ്ങളെയും സഭയുടെ വാർത്താവിനിമയ ശുശ്രൂഷയെയും കൂടുതൽ ശക്തിപ്പെടുത്താൻ ഈ സംരംഭം സഹായകമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വെബ്സൈറ്റിന്റെ രൂപകൽപ്പനയും സാങ്കേതിക വികസനവും നിർവഹിച്ച ബ്രദർ അജീഷ് കോശിയെയും ബ്രദർ അഭിഷേക് ജോൺസണെയും (ഗോവ ചർച്ച്) ചടങ്ങിൽ പ്രത്യേക ഉപഹാരം നൽകി ആദരിച്ചു. തുടർന്ന് ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ എം. പി. ഗൗതം, പാസ്റ്റർമാരായ മാത്യു സാമുവൽ, ഷിൻജു തോമസ്, ജോൺസൺ തോമസ്, ജോൺസൺ ജെ. (ഐ.പി.സി. ബോറിവലി), സാം വി. ഡാനിയേൽ, ബ്രദർ ഡി. ജെ. മാർട്ടിൻ എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ പോൾ രാജ് നന്ദിപ്രകാശനം നിർവഹിച്ചു. പാസ്റ്റർ പി. ടി. മാത്യുവിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി യോഗം സമാപിച്ചു.

സദ്വാർത്തയുടെ പ്രസിദ്ധീകരണ പ്രവർത്തനങ്ങളെ യുവജനങ്ങളിലേക്കും ആഗോളതലത്തിലേക്കും വ്യാപിപ്പിക്കുകയും, കൂടുതൽ വായനക്കാരിലേക്ക് സുവിശേഷ സന്ദേശവും സഭാവാർത്തകളും വേഗത്തിലും വിശ്വാസ്യതയോടെയും എത്തിക്കുകയും ചെയ്യുന്ന സുപ്രധാന നാഴികക്കല്ലായാണ് ഈ പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോം വിലയിരുത്തപ്പെടുന്നത്. ●

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, സെൻട്രൽ വെസ്റ്റ് റീജിയന്റെ

# അടുത്ത രണ്ട് വർഷത്തേക്കുള്ള ഔദ്യോഗിക നിയമനങ്ങൾ

**മുംബൈ:** ഉത്തരേന്ത്യയിലെ പ്രധാനപ്പെട്ട പത്ത് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, സെൻട്രൽ വെസ്റ്റ് റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളുടെ നിലവിലെ ഡയറക്ടർമാരെ അടുത്ത രണ്ട് വർഷത്തേക്കുകൂടി റീജിയണൽ കൗൺസിൽ വീണ്ടും നിയമിച്ചു.

2026 ജൂലൈ 8ന് റീജിയണൽ ഓവർസീയർ പാസ്റ്റർ ഇ. പി. സാംകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ കൗൺസിൽ യോഗത്തിലാണ് ഈ നിയമനങ്ങൾ നടത്തിയത്. റീജിയണൽ കൗൺസിൽ സെക്രട്ടറിയായി പാസ്റ്റർ ബിജു തങ്കച്ചൻ വീണ്ടും നിയമിതനായി. നിലവിലെ ഡയറക്ടർമാരായ പാസ്റ്റർ ഷിബു വർഗീസ് (സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്), പാസ്റ്റർ ഷാജി വി. ജോൺ (ചാരിറ്റി ഡിപ്പാർട്ട്മെന്റ്), പാസ്റ്റർ ഷിൻജു തോമസ് (യൂത്ത് ഡിപ്പാർട്ട്മെന്റ്) എന്നിവർ അടുത്ത രണ്ട് വർഷത്തേക്കുകൂടി അതത് ഡിപ്പാർട്ട്മെന്റുകളുടെ ഡയറക്ടർമാരായി വീണ്ടും നിയമിതരായി. പുതിയതായി കൗൺസലിംഗ് ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടറായി പാ. മനു കെ. ചാക്കോ നിയമിതനായി.

അതോടൊപ്പം, വിവിധ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ഇവാഞ്ചലിസം കോർഡിനേറ്റർമാരായി പാസ്റ്റർ സാബു തോമസ് (ഉത്തർപ്രദേശ്), പാസ്റ്റർ ജിക്സൺ ജെയിംസ് (മഹാരാഷ്ട്ര), പാസ്റ്റർ എം.വി. ക്രിസ്ത്യൻ (ഗുജറാത്ത്), പാസ്റ്റർ റ്റി.ജെ. ബോവസ് (ഡൽഹി), പാസ്റ്റർ ബിജോ വി. കുര്യൻ (തെലങ്കാന) എന്നിവർ വീണ്ടും നിയമിതരായി. പാസ്റ്റർ ബിജു തോമസ് മധ്യപ്രദേശ് സ്റ്റേറ്റ് ഇവാഞ്ചലിസം കോർഡിനേറ്ററായി പുതുതായി നിയമിതനായി.

പുതിയ കാലയളവിൽ ഈ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത എല്ലാ ദൈവദാസന്മാർക്കും സദ്വാർത്ത കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു.

# മുംബൈ ഈസ്റ്റേൺ ഡിസ്ട്രിക്ട് വൈ.പി.ഇ യുവജന കൂട്ടായ്മ അനുഗ്രഹമായി നടന്നു

**കല്യാൺ:** ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ, സെൻട്രൽ വെസ്റ്റ് റീജിയന്റെ മുംബൈ ഈസ്റ്റേൺ ഡിസ്ട്രിക്ട് വൈ.പി.ഇയുടെ ആഭിമുഖ്യത്തിൽ ജൂലൈ 26ന് കല്യാൺ ഈസ്റ്റ് കാദേശ് ഭവൻ ചർച്ച് ഓഫ് ഗോഡ് സഭയിൽ യുവജന കൂട്ടായ്മ നടന്നു.

ഡിസ്ട്രിക്ട് വൈ.പി.ഇ പ്രസിഡന്റ് പാസ്റ്റർ സാം ടി. തോമസ് അധ്യക്ഷത വഹിച്ചു. യെശയ്യ:60:1 നെ ആസ്പദമാക്കി അന്ധകാരത്തിന്റെ നടുവിൽ എഴുന്നേറ്റു പ്രകാശിക്കാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് എന്ന് അധ്യക്ഷ പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. ഡോ. ജെസ്റ്റീന മെറിൻ 1 പത്രോസ് 2:9 ആസ്പദമാക്കി സന്ദേശം പങ്കുവെച്ചു.

മുഖ്യപ്രഭാഷണം നടത്തിയ പാസ്റ്റർ മനു കെ. ചാക്കോ, *'യേശുവിനോട് ചേർന്നുള്ള ഒരു അടുപ്പമുള്ള ജീവിതം'* എന്ന വിഷയത്തെ ആസ്പദമാക്കി മുഖ്യ സന്ദേശം നൽകി. യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം ആഴപ്പെടുമ്പോൾ ആത്മീയ വളർച്ചയും ക്രിസ്തീയ സമർപ്പണവും ശക്തമാകുമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർ ജോൺസൻ തോമസിന്റെ പ്രാർത്ഥനയും ആശീർവാദത്തോടെയും സമ്മേളനം സമാപിച്ചു.

ഡിസ്ട്രിക്ടിലെ 12 സഭകളിൽ നിന്നായി ഏകദേശം 75 യുവജനങ്ങൾ പങ്കെടുത്തു. പ്രാർത്ഥന, ആരാധന, വചനശുശ്രൂഷ എന്നിവയിലൂടെ യുവജനങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് പ്രചോദനമായ കൂട്ടായ്മ അനുഗ്രഹകരമായി.

# നവി മുംബൈ ഡിസ്ട്രിക്ട് വൈ.പി.ഇ യുവജന കൂട്ടായ്മയും സംയുക്ത ആരാധനയും

**നവി മുംബൈ:** ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ, സെൻട്രൽ വെസ്റ്റ് റീജിയന്റെ, നവി മുംബൈ ഡിസ്ട്രിക്ട് വൈ.പി.ഇയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 2ന് നെറുൾ ദൈവസഭയിൽ യുവജന കൂട്ടായ്മയും സംയുക്ത ആരാധനയും നടന്നു. റീജിയനൽ വൈ.പി.ഇ ഡയറക്ടർ പാസ്റ്റർ ഷിഞ്ചു തോമസ് മുഖ്യാതിഥിയും മുഖ്യപ്രഭാഷകനുമായി.

ഡിസ്ട്രിക്ട് വൈ.പി.ഇ പ്രസിഡന്റ് പാസ്റ്റർ ജിക്സൺ ജെയിംസ് അധ്യക്ഷത വഹിച്ചു. 1 യോഹന്നാൻ 2:14 ആസ്പദമാക്കി യുവാക്കൾ ദൈവവചനത്തിൽ ശക്തരായി ദുഷ്ടനെ ജയിക്കുന്നവരാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

1 യോഹന്നാൻ 1:1,2 ആസ്പദമാക്കി പാസ്റ്റർ ഷിഞ്ചു തോമസ് മുഖ്യസന്ദേശം നൽകി. ദൈവസാന്നിധ്യം വ്യക്തിപരമായി അനുഭവിച്ച് ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളായി ലോകത്തിൽ പ്രകാശിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഡിസ്ട്രിക്ട് പാസ്റ്റർ മാത്യു ശമുവേൽ ക്രിസ്തീയ യുവജന കൂട്ടായ്മയുടെ പ്രാധാന്യവും ദൈവവചനത്തോടും സഭയോടുമുള്ള പ്രതിബദ്ധതയുടെ ആവശ്യകതയും വ്യക്തമാക്കി. പാസ്റ്റർ ബിനോസ് ബേബിയുടെ സമാപന പ്രാർത്ഥനയോടെ യോഗം അനുഗ്രഹപൂർവം സമാപിച്ചു.

നവി മുംബൈ ഡിസ്ട്രിക്ടിലെ വിവിധ സഭകളിൽ നിന്നുള്ള യുവതിയുവാക്കളുടെയും ദൈവദാസന്മാരുടെയും ആവേശകരമായ പങ്കാളിത്തം സമ്മേളനത്തിന് ആത്മീയ ഉണർവും ഐക്യവും പകർന്നു

# ബെഥേൽ പ്രാർത്ഥനാ ഭവൻ ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു



**പൂനെ:** പൂനെ മറാത്തി ഡിസ്ട്രിക്റ്റിലെ ബേലാപ്പൂർ പട്ടേൽവാടിയിലെ ദൈവസഭയ്ക്കായി പാസ്റ്റർ വിജയ് തലോരെയുടെ നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച ബേഥേൽ പ്രാർത്ഥനാഭവൻ 2026 ജൂൺ 27ന് റീജിയൻ ഓവർസിയർ പാസ്റ്റർ ഇ. പി. സാംകുട്ടി ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു.

SADHWARTHA

**Editorial Board**

**Patron**
Pastor E.P. Samkutty

**Publication Director**
Pastor Biju Thankachan

**Chief Editor**
Pastor Manu K. Chacko

**Associate Editors**
Pastor Nainan M. Abraham
Pastor Shibu Baby

**Contributing Editors**

Br. Roy Mepral Philedelphia,
Rev. Jose Mallassery, UAE
Pastor Joppachan, Mumbai
Pastor Sanjay Allwyn, Kanpur
Dr. Paul Raj, Mumbai
Pastor Mahavir Prasad, Mumbai
Pastor Johnson Thomas

**Co-ordinators**
Pr. Sujith P. Joseph, Delhi
Pr. Prakash Sonare
Pr. Alexander Koshy, Delhi
Pr. Jose K. Mathew, M.P
Pr. Shinu Abraham, Nagpur
Pr. Shiju K. Daniel, Punjab
Pr. Ajimon K. Eapen, Mumbai
Pr. Jayakumar, Hyderabad
Pr. Blesson P. Daniel, Gujarat
Pr. John K. George, Mumbai
Pr. Reji Punnoose, Hyderabad
Bro. K.K. Koshy, Pune
Bro. James Philip, Mumbai.
Bro. Shaji P. John, Delhi
Bro.Jayan K. Thomas, Navi Mumbai
Bro. Aniyan K.Mathai, Bhayander
Bro.D.G Martin, Mumbai
Bro. P.C.Varghese, Pune
Bro. Sabu George, Dombivili
Bro. Bovas P. Varghese, Nagpur
Bro. Sonu Johnson ,Gujarat

വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, കഥകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**Chief Editor**
Sadhwartha Publications
P.O. Box No. 7213, Chembur,
Mumbai 400071. Tel:25251834
Mob.: 8208907893
7738452125
email :sadhwartha@gmail.com

*Editorial*

# A LIFE OF INTIMACY WITH JESUS



**Pastor Manu K. Chacko**
Chief Editor

We all understand what it means to lose a connection. During the monsoon season, power failures, internet outages, and telephone disconnections are common experiences. When a connection is lost, we do not simply accept the situation and carry on as though nothing has happened. We contact the service provider and seek to restore the connection because we understand that without it, essential things stop functioning.

The same principle applies to our spiritual lives. Many people today are spiritually disconnected from God. They may attend church, participate in religious activities, or even know the language of faith, yet their personal relationship with God may have grown distant. When our connection with God becomes weak, we gradually lose direction, peace, purpose, and spiritual strength.

God created every human being with a purpose. None of us chose the family into which we were born, our parents, or the circumstances of our birth. We are not the authors of our own existence; our Creator is. Therefore, He alone fully understands why we were created and what He desires to accomplish through our lives. The closer we walk with Him, the more clearly we discover His purpose.

Human beings often see only the immediate assignment, while God sees the greater purpose. **A life connected with God enables us to look beyond our present circumstances and discover His calling for our lives.**

So, how can we cultivate a deeper relationship with Jesus?

**1. A DESIRE TO COME TO JESUS**

Every meaningful relationship begins with desire. In Matthew 14, Peter saw Jesus walking on the water and said, "Lord, if it is You, command me to come to You." Nobody forced Peter to leave the boat. He wanted to come to Jesus.

Peter saw the wind and the waves, yet his desire to reach Jesus was greater than his fear. In the same way, our relationship with Christ begins when we genuinely desire Him, not merely His blessings, miracles, or answers to prayer.

It is easy to seek what Jesus can give us. The greater question is whether we seek Jesus Himself. A genuine desire for Christ will overcome excuses, fear, and the need for human approval. Our relationship with Jesus is personal. No one else can desire Him on our behalf.

**When Jesus becomes our greatest desire, our connection with Him begins to grow.**

**2. KNOW JESUS PERSONALLY**

In Matthew 16, Jesus asked His disciples, "Who do people say I am?" They gave several answers. Then Jesus asked the more personal question: "But who do you say that I am?"

Peter responded, "You are the Christ, the Son of the living God."

The Christian faith is more than knowing facts about Jesus. It is about knowing Jesus personally. We may hear about Him through sermons, read about Him in the Bible, or learn about Him from our families, but genuine faith requires a personal relationship with the living Christ. Paul expressed this desire in Philippians 3:10: "That I may know Him and the power of His resurrection." Paul did not consider his knowledge of Christ complete. He desired to know Him more deeply.

**Jesus is not merely a historical figure whose teachings we remember. He is the risen Son of God who is alive today.** He saves, transforms, guides, and continues to work in people's lives.

Christianity is not simply following the memory of a great leader; it is walking daily with the living Son of God.

**3. CONFESS SIN AND RECEIVE GRACE**

Unconfessed sin can create distance between us and God. Many people carry guilt and shame because of past failures. Some believe that their mistakes have made them unworthy of returning to God. Yet Scripture repeatedly reveals a God who welcomes those who genuinely repent.

First John 1:9 reminds us that when we confess our sins, God is faithful and just to forgive us and cleanse us. Grace does not ignore sin; it provides a way out of sin. Jesus demonstrated this when He encountered the woman caught in adultery. He did not approve of her sin, but neither did He condemn her. He offered forgiveness and called her to live a transformed life.

Guilt keeps us looking backward, while grace enables us to move forward. Guilt reminds us of our failures; grace reminds us of Christ's sacrifice. Guilt says we are condemned; grace declares that forgiveness is available through Christ.

We should not allow yesterday's failures to prevent us from having a relationship with God today. Confess your sins, receive His forgiveness, and walk forward in His grace.

**4. ABIDE IN GOD'S WORD AND OBEY**

In John 15:4–5, Jesus said, "Abide in Me." He compared our relationship with Him to a branch connected to a vine. A branch cannot produce fruit by itself; it must remain connected to the vine.

The same is true of the Christian life. We cannot expect spiritual fruit without spiritual connection.

The Bible is not simply a religious book or a collection of historical stories. Through His Word, God speaks to us, reveals His character, and teaches us His will. Prayer is our communication with God, while Scripture enables us to listen to Him. Reading the Bible should therefore be more than a religious duty. It should be an essential part of building our relationship with God. Our knowledge of God's Word must lead to obedience. Knowing His Word without applying it cannot produce lasting transformation.

**As we remain in His Word and obey His instructions, our relationship with Him becomes deeper and stronger, and our lives begin to bear lasting fruit.**

**5. BE FILLED WITH THE HOLY SPIRIT**

The Christian life cannot be lived successfully through human strength alone. Ephesians 5:18 calls believers to be filled with the Holy Spirit. The Holy Spirit teaches, guides, convicts, strengthens, comforts, and leads believers into God's will. Throughout Scripture, those who were filled and led by the Spirit were empowered to live differently and fulfil God's purposes.

Paul expressed an unshakable confidence in God's love when he declared that nothing could separate believers from the love of Christ. This challenges us to examine the strength and depth of our own relationship with Jesus. We need the Holy Spirit daily, not only for spiritual strength, but also for guidance, wisdom, and the ability to live according to God's purpose.

**Every disconnected device becomes useful again when it is reconnected to its source.** In the same way, a life that has become spiritually disconnected can become fruitful again when it is restored to its Creator.

Jesus is calling us back, not merely to religious activity, but to intimacy with Him. Our Creator has a purpose for every life, and that purpose becomes clearer as we walk closely with Him. A life connected with Jesus is a life filled with purpose, meaning, fruitfulness, and spiritual impact. When we remain close to Him, our lives can become useful in His hands and bring glory to His name.

The ultimate question is not simply how long we live, how much we achieve, or how successful we become. The greater question is whether our lives fulfil God's purpose and glorify Him. May our lives remain deeply connected to Jesus so that, through our words, character, relationships, service, and daily choices, we may reflect His love and bring glory to God. A life of intimacy with Jesus is a life of purpose. A life of purpose is a life of fruitfulness. And a fruitful life is one that brings glory to God. ●

# एक ऐसा है जो आपसे असीम प्रेम करता है



**Pastor Mahavir Prasad Gautam**
Evangelism Director, COG-CWR

प्रिय पाठकों, मसीही अभिवादन!

मनुष्य अपने जीवन में प्रेम, स्वीकृति और सुरक्षा की खोज करता है। वह चाहता है कि कोई उसे बिना शर्त स्वीकार करे, उसकी कमियों के बावजूद उससे प्रेम करे और संकट के समय उसका सहारा बने। संसार में ऐसे संबंध अक्सर बदल जाते हैं, परन्तु एक ऐसा प्रेम है जो कभी नहीं बदलता- वह है परमेश्वर का प्रेम। यही प्रेम सम्पूर्ण सुसमाचार का केन्द्र है। परन्तु परमेश्वर के प्रेम की महानता को समझने से पहले यह जानना आवश्यक है कि मनुष्य को इस प्रेम की आवश्यकता क्यों है।

**पाप में खोया हुआ मनुष्य**

बाइबल सिखाती है कि प्रत्येक मनुष्य परमेश्वर की छवि में बनाया गया है, किन्तु जब वह जान-बूझकर परमेश्वर की इच्छा के विरुद्ध चलता है, तब वह पाप करता है। पाप केवल कोई गलत कार्य नहीं, बल्कि परमेश्वर के लक्ष्य से चूक जाना है। यूनानी भाषा में पाप का अर्थ ही है- निशाने से चूक जाना मनुष्य केवल अपने कार्यों से ही नहीं, बल्कि अपने शब्दों, विचारों और परमेश्वर की इच्छा की उपेक्षा करके भी पाप करता है। इसीलिए प्रेरित पौलुस लिखता है- सब ने पाप किया है और परमेश्वर की महिमा से रहित हैं। (रोमियों ३:२३)

पाप का परिणाम अत्यन्त गंभीर है। वह मनुष्य और परमेश्वर के बीच संबंध को तोड़ देता है। यही आत्मिक मृत्यु है। यदि इस पाप का समाधान न हो तो इसका अन्त अनन्तकालीन विनाश में होता है।

दुःख की बात यह है कि मनुष्य अपने अच्छे कार्यों द्वारा अपने पापों का ऋण नहीं चुका सकता। जैसे समय पर वर्तमान बिल भर देने से पुराने कर्ज समाप्त नहीं हो जाते, वैसे ही अच्छे कार्य पहले किए गए पापों को मिटा नहीं सकते। इसलिए प्रत्येक मनुष्य को एक उद्धारकर्ता की आवश्यकता है।

**परमेश्वर का अद्भुत अनुग्रह**

मनुष्य जहाँ असहाय था, वहीं परमेश्वर ने अपनी कृपा प्रकट की। बाइबल इस कृपा को अनुग्रह कहती है-ऐसा उपहार जिसे कमाया नहीं जा सकता और जिसके हम योग्य भी नहीं हैं।

इफिसियों २:८ कहता है- अनुग्रह ही से तुम्हारा उद्धार हुआ है। परमेश्वर के अनुग्रह की सबसे महान अभिव्यक्ति यीशु मसीह हैं। क्योंकि परमेश्वर ने जगत से ऐसा प्रेम रखा कि उसने अपना एकलौता पुत्र दे दिया... (यूहन्ना ३:१६)

कल्पना कीजिए कि कोई पिता अपने प्रिय पुत्र को दूसरों के उद्धार के लिए दे दे। यह मानवीय दृष्टि

» 5

# പ്രതിസന്ധികളിൽ തളരാതെ മുന്നോട്ട്



**പാ. ഈ.പി. സാംകുട്ടി**
റീജിയണൽ ഓവർസിയർ, മുംബൈ

നമ്മുടെ ക്രിസ്തീയ ജീവിതയാത്ര എല്ലായ്പ്പോഴും സുഗമമായ ഒരു പാതയല്ല. വിശ്വാസത്തിന്റെ വഴിയിൽ അനുഗ്രഹങ്ങളും സന്തോഷങ്ങളും വിജയങ്ങളും ഉണ്ടാകുന്നതുപോലെ തന്നെ, പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും കണ്ണുനീരും നിരാശകളും ഉണ്ടാകാം. ചിലപ്പോൾ നാം പ്രതീക്ഷിക്കാത്ത സമയത്ത് പ്രശ്നങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് ആഞ്ഞടിച്ചേക്കാം. വഴിയടഞ്ഞതുപോലെയും, പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തതുപോലെയും, ദൈവം നിശ്ശബ്ദനായിരിക്കുന്നതുപോലെയും നമുക്ക് അനുഭവപ്പെടാം.

എന്നാൽ പ്രതിസന്ധികൾ നമ്മുടെ യാത്രയുടെ അവസാനമല്ല മറിച്ച് ദൈവത്തിൽ കൂടുതൽ ആഴത്തിൽ ആശ്രയിക്കുന്നതിനുള്ള അവസരങ്ങളാണ്. നമ്മുടെ ജീവിതത്തിലും ചില കൊടുങ്കാറ്റുകൾ അപ്രതീക്ഷിതമായി വരാം. സാമ്പത്തിക ബുദ്ധിമുട്ടുകൾ, കുടുംബപ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, ശുശ്രൂഷയിലെ വെല്ലുവിളികൾ, ബന്ധങ്ങളിലെ പ്രശ്നങ്ങൾ, ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ ഇവയെല്ലാം നമ്മുടെ വിശ്വാസത്തെ പരീക്ഷിച്ചേക്കാം. എന്നാൽ കൊടുങ്കാറ്റിന്റെ ശക്തിയേക്കാൾ പ്രധാനപ്പെട്ടത് നമ്മോടുകൂടെയുള്ള ദൈവത്തിന്റെ സാന്നിധ്യമാണ്. കൊടുങ്കാറ്റ് വന്നതുകൊണ്ട് ദൈവം നമ്മെ ഉപേക്ഷിച്ചു എന്നല്ല. കൊടുങ്കാറ്റിലും കൂടെയുള്ള ദൈവത്തിൻെറ സാന്നിധ്യത്തെ കുറിച്ചുള്ള വലിയ ഒരു തിരിച്ചറിവാണ് നമുക്ക് ആ അനുഭവത്തിൽ നിന്ന് ലഭിക്കുന്നത്.

പ്രതിസന്ധികൾ വരുമ്പോൾ സ്വാഭാവികമായി നമുക്ക് പിന്നോട്ടു പോകാൻ തോന്നും. ചിലർ പ്രാർത്ഥന ഉപേക്ഷിക്കുന്നു, ചിലർ സഭയോടും ദൈവജനത്തോടുമുള്ള ബന്ധം നഷ്ടപ്പെടുത്തുന്നു, ചിലർ, ഇനി എനിക്ക് കഴിയില്ല എന്ന് ചിന്തിക്കുന്നു. എന്നാൽ ദൈവവചനം നമ്മെ മുൻപോട്ടു പോകുവാൻ ശക്തമായി ആഹ്വാനം ചെയ്യുന്നു. നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക; വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ടു ഓടുക (എബ്രായർ 12:1,2). യേശുവിനെ നോക്കിക്കൊണ്ട് നമ്മുടെ ഓട്ടം ശ്രദ്ധയോടുകൂടെ ഓടുവാൻ ദൈവവചനം നമ്മെ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ കണ്ണുകൾ പ്രശ്നങ്ങളിലായിരിക്കുമ്പോൾ ഭയം വർധിക്കും. എന്നാൽ നമ്മുടെ കണ്ണുകൾ യേശുവിൽ ഉറപ്പിക്കുമ്പോൾ നമ്മുടെ പ്രത്യാശ വർദ്ധിക്കും. നമ്മുടെ പ്രശ്നം എത്ര വലുതാണെന്നതിലല്ല മറിച്ച് നമ്മുടെ ദൈവം എത്ര വലിയവനാണ് എന്നതിൽ ആയിരിക്കണം നമ്മുടെ ശ്രദ്ധ.

അപ്പോസ്തലനായ പൗലോസിന്റെ ജീവിതം നാം പഠിക്കുമ്പോൾ ക്രിസ്തീയ യാത്രയിൽ പ്രതികൂലങ്ങൾ ഉണ്ടാകും എന്നത് വളരെ വ്യക്തമാണ്. അനേക ഉപദ്രവങ്ങളും, വിശപ്പും, ദാഹവും, അപമാനവും, പലവിധ അപകടങ്ങളും, തടവും, കപ്പൽച്ചേതവും താൻ നേരിട്ടു എന്നിട്ടും താൻ പറയുകയാണ് പിന്നിലുള്ളത് മറന്നും മുമ്പിലുള്ളതിലേക്ക് ആഞ്ഞുംകൊണ്ട്, ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ സമ്മാനം നേടുവാൻ ലക്ഷ്യത്തിലേക്ക് ഓടുന്നു. ഫിലിപ്പിയർ 3:13,14

പൗലോസിന്റെ കണ്ണുകൾ കഴിഞ്ഞ പരാജയങ്ങളിലും വേദനകളിലും ആയിരുന്നില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ ലക്ഷ്യത്തിലായിരുന്നു.

നമ്മുടെ ജീവിതത്തിലും കഴിഞ്ഞകാലത്തിലെ പരാജയങ്ങൾ നമ്മെ ബന്ധിച്ചിടാൻ അനുവദിക്കരുത്. നമ്മെ വേദനിപ്പിച്ച അനുഭവങ്ങൾ നമ്മുടെ ഭാവിയെ നിർണയിക്കരുത്. ദൈവം നമ്മെ വിളിച്ചിരിക്കുന്ന ലക്ഷ്യത്തിലേക്ക് നാം മുന്നോട്ട് പോകണം. യേശുവിനെ നോക്കി നാം മുമ്പോട്ട് യാത്ര ചെയ്യുമ്പോൾ നമ്മുടെ മുമ്പോട്ടുള്ള വഴികൾക്ക് വളരെ വ്യക്തത ലഭിക്കും.

പത്രോസ് വെള്ളത്തിന്മേൽ നടന്ന സംഭവം അതിന്റെ മനോഹരമായ ഒരു ഉദാഹരണമാണ്. യേശുവിനെ നോക്കിയപ്പോൾ പത്രോസ് വെള്ളത്തിന്മേൽ നടന്നു. എന്നാൽ കാറ്റിനെയും തിരമാലകളെയും നോക്കിയപ്പോൾ പത്രോസ് മുങ്ങിത്തുടങ്ങി.

ഈ അനുഭവം നമുക്ക് തരുന്ന വലിയൊരു പാഠമുണ്ട്, നാം യേശുവിനെ നോക്കി സഞ്ചരിക്കുമ്പോൾ നമ്മുടെ വിശ്വാസം വർധിക്കുവാൻ ഇടയാകും. അതേസമയം പ്രശ്നങ്ങളെ നോക്കുകയാണെങ്കിൽ നമ്മുടെ ഉള്ളിൽ ഭായം വളരുവാനും നമ്മൾ എത്തേണ്ടത് എത്താതിരിക്കുന്നതിനും അത് കാരണമാകും.

പ്രതിസന്ധികൾ എല്ലാം മാറിയിട്ട് നമുക്ക് മുമ്പോട്ട് പോകാൻ കഴിയണമെന്നില്ല, ചില സാഹചര്യങ്ങളിൽ നാം പ്രതിസന്ധികളിലൂടെ നടുവിലൂടെയാണ് മുമ്പോട്ട് പോകുന്നത്.

വിശ്വാസം എന്നത് പ്രശ്നങ്ങളില്ലാത്ത / പ്രതിസന്ധികളില്ലാത്ത ജീവിതമല്ല. വിശ്വാസം എന്നത് പ്രശ്നങ്ങൾക്കിടയിലും/ പ്രതിസന്ധികൾക്കിടയിലും ദൈവം നമ്മോടുകൂടെയുണ്ടെന്ന് ഉറപ്പോടെ മുന്നോട്ട് പോകുന്നതാണ്.

ക്രിസ്തീയ ജീവിതം ഒരു ചെറിയ യാത്രയല്ല അത് ഒരു ദീർഘദൂര വിശ്വാസ യാത്രയാണ്. യേശുവിനെ നോക്കി ക്കൊണ്ട് മുന്നേറുന്ന ഒരാൾക്ക് ആ യാത്രയിലെ ഓരോ പ്രതിസന്ധിയും ഒരു പുതിയ ആത്മീയ അനുഭവമായി മാറും, ഓരോ കണ്ണുനീരും ഒരു സാക്ഷ്യത്തിന്റെ വിത്തായി മാറും. ഓരോ പരാജയവും ദൈവകൃപയെ കൂടുതൽ അനുഭവിക്കാനുള്ള അവസരമായി മാറും.

ഇന്ന് നിങ്ങൾ ഏതെങ്കിലും പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണെങ്കിൽ തളരരുത്. കൊടുങ്കാറ്റ് ശക്തമായിരിക്കാം, വഴി ദുഷ്കരമായിരിക്കാം, ഉത്തരം വൈകിയേക്കാം, എന്നാൽ ദൈവം നിങ്ങളോട് കൂടെയുണ്ട്. അതുകൊണ്ട്, പിന്നോട്ടു നോക്കി നിൽക്കാതെ, ഭയത്തെ നോക്കി നിൽക്കാതെ, പ്രശ്നങ്ങളെ മാത്രം നോക്കി നിൽക്കാതെ യേശുവിനെ ലക്ഷ്യമാക്കി മുന്നോട്ട് പോകാം.

പ്രതിസന്ധികൾ നമ്മെ തളർത്താനല്ല, നമ്മെ ശക്തരാക്കാനാണ് ദൈവം ഉപയോഗിക്കുന്നത്. കൊടുങ്കാറ്റുകൾ നമ്മെ തടയുന്നില്ല, ലക്ഷ്യത്തിലേക്ക് കൂടുതൽ ഉറപ്പോടെ മുന്നേറുവാൻ നമ്മളെ പ്രാപ്തരാക്കുന്നു. അതുകൊണ്ട് തളരാതെ യേശുവിനെ നോക്കി മുമ്പോട്ട് പോകാൻ കർത്താവ് നമുക്ക് കൃപ നൽകട്ടെ..

# ഗലാത്യരുടെ സംശയവും പൗലോസിന്റെ നിശ്ചയവും



**Pr. Biju Thankachan, Mumbai**
(Regional Council Secretary)

ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഗലാത്യർക്ക് മുമ്പിൽ പൗലോസ് വരച്ചു കാട്ടി. പൗലോസിനെയും പൗലോസ് പ്രസംഗിച്ച സുവിശേഷത്തെയും യാതൊരു സന്ദേഹവും കൂടാതെ ഗലാത്യർ ഏറ്റെടുത്തു. ‘‘കൃപയാലുള്ള രക്ഷ’’ എന്നത് പൗലോസിന്റെ സുവിശേഷത്തിലെ അടിസ്ഥാന തത്വമാണ്. സത്കർമ്മങ്ങൾ ചെയ്ത് പരിശുദ്ധനായി ജീവിച്ച് പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് നടന്നപ്പോഴല്ലല്ലോ ‘രക്ഷ’ തന്നെ തേടി വന്നത്. പാപികളിൽ പ്രഥമനായി, പ്രാർത്ഥിക്കുന്നവരെ മുടിച്ചുകളവാൻ ഭഗീരഥ യജ്ഞം ചെയ്യുമളവിൽ ദമസ്കോസിന്റെ പടിവാതിൽക്കൽ വച്ചാണ് രക്ഷകനെ കണ്ടതെന്നും അതിന് ആധാരം ദൈവകൃപയാണെന്നും പൗലോസിന് നന്നായി അറിയാം. ഇത് ആർക്കും ഖണ്ഡിക്കാൻ കഴിയാത്ത അനുഭവമാണ്. രക്ഷയും (എഫേ. 2:8), വിളിയും (ഗലാ. 1:15), നിലനിൽപും (1 കൊരി. 15:10) കൃപയാലാണെന്ന് പൗലോസ് മനസ്സിലാക്കിയിരുന്നു. ന്യായപ്രമാണം മുഴുവൻ മനപാഠമാക്കിയിട്ടുള്ള പൗലോസിനെ കൃപയുടെ പ്രമാണമാണ് ഇപ്പോൾ നയിക്കുന്നത്.

ദുരുപദേഷ്ടാക്കന്മാരുടെ ആഗമനം ഗലാത്യയിലുള്ള വിശ്വാസികളെ കുഴച്ചുകളഞ്ഞു. അവരുടെ വാഗ്വൈഭവം കൊണ്ട് ക്രിസ്തുവിന്റെ സുവിശേഷത്തെയും ക്രിസ്തുവിന്റെ കൃപയെയും മറിച്ചു കളയുകയും ചെയ്തു. കൃപ മാത്രം പോരാ ന്യായപ്രമാണവും അത്യാവശ്യമാണെന്ന് ഇവർ പഠിപ്പിച്ചു. പൗലോസിന്റെ അപ്പോസ്തലത്വത്തെയും പൗലോസ് പ്രസംഗിച്ച സുവിശേഷത്തെയും തന്റെ ജീവിത ലക്ഷ്യത്തെയും അവർ ചോദ്യം ചെയ്യുകയും വിശ്വാസികളെ ആശങ്കാകുലരാക്കുകയും ചെയ്തു. വിളി, ഉപദേശം, ജീവിതലക്ഷ്യം എന്നിവയെക്കുറിച്ചുള്ള ഗലാത്യരുടെ ആശങ്കകളെ പരിഹരിക്കുകയും കൃപയിൽ അവരെ ഉറപ്പിച്ച് നിർത്തുകയും ചെയ്യാൻ ലേഖനത്തിലൂടെ പൗലോസ് ശ്രമിക്കുന്നു. പൗലോസിന് ഇവയെക്കുറിച്ചുള്ള നല്ല നിശ്ചയം ഉണ്ടായിരുന്നു.

**1. തന്റെ വിളിയെക്കുറിച്ചുള്ള നിശ്ചയം**

വായനക്കാരുടെ നല്ല ഗുണങ്ങൾ പറഞ്ഞ് പ്രോത്സാഹിപ്പിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്ന പതിവ് രീതിവിട്ട് ഗലാത്യ ലേഖനം ആരംഭിക്കുന്നത് തന്നെ തന്റെ വിളിയെ കുറിച്ചുള്ള പ്രഖ്യാപനത്തോടെയാണ്. മനുഷ്യരിൽ നിന്നോ മനുഷ്യരാലോ അല്ല, മറിച്ച് യേശുക്രിസ്തുവിനാലും പിതാവായ ദൈവത്താലുമാണ് ഞാൻ അപ്പോസ്തലനായത് എന്ന് പൗലോസിന് നല്ല ബോധ്യം ഉണ്ടായിരുന്നു. ദൈവത്തിന്റെ വിളിയാണ് ഒരുവനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ദൈവം വിളിച്ചു എന്ന ഉറപ്പാണ്, ഒരു സുവിശേഷകനെ പ്രതിസന്ധികളിൽ ഉറപ്പിച്ച് നിറുത്തുന്നത്. വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കണം. ദൈവവിളിയാണ് അബ്രഹാമിനെ അന്ത്യംവരെ നിലനിർത്തിയത്. ദൈവസഭ വിളിക്കപ്പെട്ടവരുടെ കൂട്ടമാണ്. ഏത് പ്രതിസന്ധി ഘട്ടത്തിലും നമ്മുടെ വിളിയെക്കുറിച്ച് നിശ്ചയമുള്ളവരായിരിക്കണം.

**2) തന്റെ ഉപദേശത്തെക്കുറിച്ചുള്ള നിശ്ചയം**

പൗലോസിന്റെ ഉപദേശത്തെക്കുറിച്ച് ജനങ്ങളെ സംശയാലുക്കളാക്കുവാൻ മറ്റൊരു സുവിശേഷവുമായി ഗലാത്യയിൽ വന്നവർ ആഗ്രഹിച്ചു. അത് അവർക്ക് തങ്ങളുടെ ദുരുപദേശ പ്രചാരണത്തിന് അനിവാര്യവുമായിരുന്നു. എന്നാൽ പൗലോസിന് തന്റെ സുവിശേഷത്തിലും താൻ പ്രസംഗിച്ച സുവിശേഷത്തിന്റെ ആധികാരികതയിലും നിശ്ചയം ഉണ്ടായിരുന്നു. താൻ ഉദ്ഘോഷിച്ച സുവിശേഷം മനുഷ്യരിൽ നിന്ന് പ്രാപിച്ചതോ മനുഷ്യരോട് പഠിച്ചതോ അല്ലെന്നും യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ പ്രാപിച്ചതാണെന്നും പൗലോസ് വ്യക്തമാക്കി. താൻ അറിയിച്ച സുവിശേഷം സ്വർഗ്ഗീയ കൗൺസിൽ അംഗീകരിച്ചതാകയാൽ സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതന് പോലും അതിനെതിരായി പ്രസ്താവിക്കാൻ കഴിയില്ലെന്നും പൗലോസിന് നല്ല ഉറപ്പുണ്ടായിരുന്നു. നിന്നെ തന്നെയും ഉപദേശത്തെയും സൂക്ഷിച്ചു കൊള്ളണം എന്നും അതിൽ ഉറച്ചു നിൽക്കണം എന്നും പൗലോസ് തിമോഥെയോസിനെ പ്രബോധിപ്പിക്കുന്നു (1 തിമോ. 4:16). പഠിച്ചും നിശ്ചയം പ്രാപിച്ചും പ്രസംഗിക്കണം. താൻ വിശ്വസിക്കുന്നതും പ്രസംഗിക്കുന്നതുമായ സുവിശേഷം എന്തെന്ന് പൗലോസ് നന്നായി ഗ്രഹിച്ചിരുന്നു (1 കൊരി. 15:1-11).

**3) തന്റെ ജീവിത ലക്ഷ്യത്തെ കുറിച്ചുള്ള നിശ്ചയം**

നുഴഞ്ഞു വന്ന കള്ള സഹോദരന്മാർ പൗലോസിന്റെ ജീവിതലക്ഷ്യത്തെക്കുറിച്ച് തെറ്റിദ്ധാരണ ഗലാത്യരുടെ ഇടയിൽ പരത്തി. സ്ഥാനമോഹവും ധനമോഹവും മനുഷ്യരുടെ കയ്യടിയുമാണ് പൗലോസ് ലക്ഷ്യമിടുന്നതെന്നും അതിനായിട്ടാണ് ഈവിധ സുവിശേഷം പ്രസംഗിക്കുന്നതെന്നും ജനത്തെ തെറ്റിദ്ധരിപ്പിച്ചു.

യെഹൂദാമതത്തിൽ മാന്യമായ സ്ഥാനവും ജന്മാർജിത ധനവും മനുഷ്യരുടെ പുകഴ്ചയും ഒക്കെ ചപ്പും ചവറും എന്നെണ്ണി ഇറങ്ങിത്തിരിച്ച പൗലോസിന് തന്റെ ജീവിത ലക്ഷ്യത്തെക്കുറിച്ച് നിശ്ചയം ഉണ്ടായിരുന്നു. പ്രമാണികളെപോലും കൂസാതിരിക്കുകയും ദൈവം മനുഷ്യന്റെ മുഖം നോക്കാത്തതുകൊണ്ട് തനിക്കും അത് ബാധകമല്ല എന്നും പൗലോസ് വ്യക്തമാക്കുന്നു (ഗലാ. 2:6). മനുഷ്യരെ സന്തോഷിപ്പിക്കയോ മനുഷ്യരെ പ്രസാദിപ്പിക്കുകയോ അല്ല (ഗലാ. 1:10), ദൈവത്തെ പ്രസാദിപ്പിക്കുക എന്നതാണ് തന്റെ ജീവിതലക്ഷ്യം എന്നും പൗലോസിന് ഉറപ്പുണ്ടായിരുന്നു. പൗലോസ് തന്റെ വിളിയെക്കുറിച്ചും താൻ അറിയിക്കുന്ന സുവിശേഷത്തെക്കുറിച്ചും തന്റെ ജീവിതത്തിന്റെ ശുദ്ധമായ ലക്ഷ്യത്തെ കുറിച്ചും നിശ്ചയം ഉള്ളവനായിരുന്നു. ഈ നിശ്ചയം കൊണ്ട് ഗലാത്യരുടെ സംശയത്തെ താൻ ദൂരീകരിച്ചു.

# വരൂ നമുക്ക് കർത്താവിനായി പാടാം



**Pr. Sam V. Daniel**
**Nallasopara, Mumbai**

ഗാനങ്ങൾക്ക് ക്രൈസ്തവികതയുമായി വളരെയധികം പ്രാധാന്യമുണ്ട്. സംഗീതത്തോട് പൊതുവേ താല്പര്യമില്ലാത്തവരായി ആരും തന്നെയുണ്ടാകാവൻ സാധ്യതയില്ല. ക്രൈസ്തവാരാധനയിൽ സംഗീതത്തിന്റെ സ്ഥാനം വലിയതാണ്. പ്രസംഗത്തെപ്പോലെ തന്നെ പാട്ടുകൾക്കും വളരെ സ്ഥാനം ആത്മീയ മണ്ഡലത്തിൽ ഉണ്ടെന്നതാണ് മാർട്ടിൻ ലൂഥർ പറഞ്ഞത്. പ്രായവ്യത്യാസം കൂടാതെ എല്ലാവരും ഭാഗമാകുവാൻ ആഗ്രഹിക്കുന്ന ഒന്നാണ് സഭാരാധനയിലെ സംഗീത ശുശ്രൂഷ എന്നതിൽ എതിർ അഭിപ്രായം ഇല്ല. സംഗീതം പ്രകൃതിയുടെ തന്നെ ഒരു ഭാഗമാണ് എന്ന് മനസിലാക്കുവാൻ കഴിയും. കാറ്റിന്റെ ഗതിയിലും, വെള്ളത്തിന്റെ ഒഴുക്കിലും, പക്ഷികളുടെ ശബ്ദത്തിലും സംഗീതം അലതല്ലുന്നതായി കവിവര്യന്മാർ പാടിയിട്ടുണ്ട്.

**പഴയനിയമ പുസ്തകത്തിൽ പാട്ടുകൾ (Songs in the Old Testament)**

വിശുദ്ധ വേദപുസ്തകത്തിൽ ആദ്യത്തെ പാട്ട് രേഖപ്പെടുത്തിയിരിക്കുന്നത് മോശയുടേതാണ് (പുറ. 12). യിസ്രായേൽ മക്കൾക്ക് ചെങ്കടലിന്റെ അടിത്തട്ടിൽ കൂടി വഴി നടത്തി അവരെ അക്കരെ കടത്തുകയും ശത്രുസൈന്യത്തെ സംഹരിക്കുകയും ചെയ്ത ദൈവത്തിന്റെ മഹാപ്രവൃത്തിയെ മോശെ വർണ്ണിച്ചുകൊണ്ട് പാടിയ പാട്ട് നമുക്ക് കാണുവാൻ കഴിയും. തുടർന്ന് മോശെയുടെ സഹോദരി പാട്ട് ഏറ്റെടുത്ത് പാടുന്നതായും കാണുവാൻ കഴിയും എബ്രായരുടെ പാട്ടുപുസ്തകമായ സങ്കീർത്തനങ്ങളിൽ പാട്ടുകളുടെ ഒരു ശേഖരം തന്നെ നമുക്ക് കാണുവാൻ കഴിയും. മധുര ഗായകൻ ആയിരുന്ന ദാവീദിന്റെയും, യെരുശലേം ദേവാലയത്തിലെ സംഗീത ശുശ്രൂഷയ്ക്കു നേതൃത്വം കൊടുത്തിരുന്ന ആസാഫിന്റെയും, കോരഹ് പുത്രന്മാരുടെയും ഗാനങ്ങൾ യഹോവയുടെയും, ആലയത്തിലെ മാനോഹാരിതയെയും പറ്റിയുള്ള പാട്ടുകളായി നമുക്ക് ലഭിക്കുന്നു. യുദ്ധത്തിലെ വിജയത്തിൽ സന്തോഷിച്ചുകൊണ്ട് ദെബോരയും ബാരാക്കും (ന്യായാ. 5), ദാവീദിനെ പുകഴ്ത്തിക്കൊണ്ട് യിസ്രായേല്യ കന്യകമാരും പാടുന്നതായി നമുക്ക് കാണുവാൻ കഴിയുന്നു.

**പുതിയനിയമത്തിലെ പാട്ടുകൾ (Songs in the New Testament)**

സുവിശേഷണങ്ങളിൽ മറിയയുടെ ഒരു പാട്ട് രേഖപ്പെടുത്തിയിരിക്കുന്നു. എലീശബേത്തിനെ സന്ദർശിച്ച സാഹചര്യത്തിൽ മറിയ പാടുന്ന പാട്ട് ''ശക്തനായവൻ എനിക്കു വലിയ ചെയ്തിരിക്കുന്നു'' തുടങ്ങിയ വരികൾ നമുക്ക് കാണുവാൻ കഴിയും. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവും പാടിയതായി ഒരു തെളിവ് സുവിശേഷത്തിൽ കാണുന്നുണ്ട്, ശിഷ്യന്മാരുമായുള്ള സമൂഹ ഗാനത്തിൽ ആണ് കർത്താവ് പാടിയത് (മർക്കോ. 14:26). കാരാഗൃഹത്തിൽ ആയിരുന്ന പൗലോസും ശീലാസും അർദ്ധരാത്രിയിൽ ദൈവത്തെ പാടി സ്തുതിച്ചപ്പോൾ അവിടെ ഉണ്ടായ ദൈവപ്രവർത്തികൾ നമുക്ക് കാണുവാൻ കഴിയും (അ.പ്ര. 16:25-26).

അവിടെ ഉണ്ടായ ദൈവത്തിന്റെ പ്രവൃത്തി കാരണം ഫിലിപ്യയിലും, തെസ്സലോനിക്കയിലും, ബെരോവയിലും ദൈവത്തിന്റെ സഭ ഉണ്ടായതായി നാം വചനത്തിൽ കാണുന്നു. ഒറ്റ പാട്ടിൽ സംഭവിച്ച പ്രവൃത്തിയെയാണ് നാം അവിടെ കാണുവാൻ ഇടയായത്. ചിലപ്പോൾ നാം പാടുന്ന പാട്ടിൽ കൂടെ മനുഷ്യന്റെ ഹൃദയത്തെ ദൈവത്തിന്റെ ആത്മാവ് സ്പർശിക്കുവാൻ ഇടയാകും. പരസ്യയോഗം നടത്തിക്കൊണ്ട് സുവിശേഷം അറിയിച്ച ചില അമ്മച്ചിമാരെ കുറിച്ച് എനിക്ക് അറിയാം. അവരുടെ പാട്ടുകൾ കേട്ട് അനേകർ ദൈവവചനത്തെ സ്വീകരിച്ച അനുഭവങ്ങൾ ശൈശവ കാലത്ത് ഓർക്കുന്നുണ്ട്.

**വർത്തമാനകാല പാട്ടുകൾ (Songs in the Present Era)**

ഇന്നു നാം പാടുന്ന ആത്മീയ ഗാനങ്ങൾ നമുക്ക് ലഭ്യമാകുവാൻ തുടങ്ങിയത് 18-ാം നൂറ്റാണ്ടിന്റെ മധ്യസമയം മുതൽ ആണ്. പൗരസ്ത്യരും വിദേശികളുമായ അനേക ദൈവമക്കളുടെ സംഭാവന അതിൽ ഉണ്ട്. ആയിരക്കണക്കിന് ആത്മീയ ഗാനങ്ങൾ നമുക്ക് ലഭ്യമാണ്. ദൈവത്തോടുള്ള ബഹുമാനവും, ദൈവത്തിനുള്ള മഹത്വവും നന്ദിയും, വിശ്വാസവും, പ്രത്യാശയും ഒക്കെ നമുക്ക് ആ ഗാനങ്ങളിൽ കാണുവാനും അനുഭവിക്കുവാനും കഴിയുന്നുണ്ട്. എന്റെ പരിമിതമായ അറിവിൽ സംഗ്രഹിച്ച ചില പാട്ടുകളെ കുറിച്ചുള്ള അറിവുകളെ ഇവിടെ ലഘുവായിട്ട് രേഖപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഏതൊരു മീറ്റിംഗും പ്രാർത്ഥിച്ചു ആരംഭിക്കുമ്പോൾ നിയന്ത്രിക്കുന്ന ദൈവദാസൻ നമുക്കൊരു പാട്ടു പാടാം എന്നു പറയുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്ന ചില ഗാനങ്ങൾ ഉണ്ട്. അവയിൽ ഒരെണ്ണം ആണ് *''ദൈവകൃപയിൽ ഞാൻ ആശ്രയിച്ച് അവൻ വഴികളെ ഞാൻ അറിഞ്ഞ് അനുഗമിച്ചിടും അവനുടെ ചുവടുകളിൽ''* എന്ന ഗാനം വലിയ ആഴത്തിലുള്ള വാക്കുകളോ വരികളോ ഇല്ലായെങ്കിലും എപ്പോഴും പാടുന്ന ഒരു ഗാനമാണ്. മലയാളത്തിലും ഹിന്ദിയിലും ഈ ഗാനം പാടി സ്തുതിക്കാറുണ്ട്. ഈ ഗാനത്തിൻെറ രചയിതാവായ ചാൾസ് ജോൺ ദൈവദാസൻ തന്റെ ഒരു വയസുകാരൻ മകൻ അത്യാസന്ന നിലയിൽ കഴിയവെ വളരെ ഭാരത്തോടെ കുഞ്ഞിന്റെ കിടയ്ക്കരികിൽ മുട്ടുകുത്തി വിതുമ്പിപോയ ചാൾസിന് അപ്പോൾ ഉള്ളിൽ ദൈവം കൊടുത്ത വരികൾ ആണ് ഈ ഗാനം. എന്റെ നിഗമനം ശരിയാണെങ്കിൽ 80 കളുടെ ആരംഭത്തിൽ ആണ് ഈ ഗാനം പിറക്കുന്നത്. ഇന്നും ദൈവജനം ഏറ്റു പാടുന്ന ഒരു ആത്മീയ ഗാനമാണ് ഈ ഗാനം. ജെ.വി. പീറ്റർ എന്ന അനുഗ്രഹ ഗായകനെ ക്രൈസ്തവ ലോകം മറക്കുകയില്ല. അദ്ദേഹത്തിന്റെ തൂലികയിൽ കൂടി അനേകം അനുഗ്രഹിക്കപ്പെട്ട ആത്മീയ ഗാനങ്ങളെ ക്രൈസ്തവ കൈരളിക്കു ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആഴമായ അനുഭവങ്ങളിൽ കൂടിയാണ് എല്ലാ ഗാനങ്ങളും പിറവികൊണ്ടത്. അതിൽ ഒരു ഗാനമാണ് *'മറുകരയിൽ നാം കണ്ടിടും'* എന്ന പ്രത്യാശ നിർഭരമായ ഗാനം. സ്വന്തം മാതാവിന്റെ മൃതശരീരം ഭവനത്തിൽ കൊണ്ടുവന്നപ്പോൾ, ആ വേദന ഹൃദയത്തിൽ അലതല്ലിയപ്പോൾ വീടിന്റെ ഒരു കോണിലേക്ക് മാറിയിരുന്നു ചില വരികൾ കുറിക്കുവാൻ ഇടയായി. ആ വരികളാണ് ഏറ്റവും പ്രത്യാശ നൽകുന്ന ഈ പ്രസ്തുത ഗാനം. സി.എസ്. മാത്യു എന്ന അനുഗ്രഹിത ദൈവദാസൻ ഒരു യോഗം കഴിഞ്ഞ് ഒരു സഹോദരന്റെ ഭവനത്തിൽ വിശ്രമിക്കുമ്പോൾ അന്നു രാത്രിയിൽ കർത്താവിന്റെ ദർശനം തനിക്കു ഉണ്ടായി. ആ ദർശനമാണ് 'എൻ പ്രിയനെപ്പോൽ സുന്ദരനായ് ആരേയും ഞാൻ ഉലകിൽ കാണുന്നില്ല' എന്ന ക്രിസ്തുവിനെ പുകഴ്ത്തുന്ന മനോഹര ഗാനം പുറത്തുവന്നത്. മറ്റൊരു ഗാനത്തിന്റെ പിറവിയെക്കുറിച്ച് കേട്ടത് ഇങ്ങനെയാണ്. സ്കൂളിൽ നിന്നും ഉച്ചയ്ക്ക് വീട്ടിലേക്ക് ഭക്ഷണം കഴിക്കുവാൻ വന്ന മകനോട് അമ്മ പറയുകയാണ് മോനെ ഇന്നു നമുക്കു ഭക്ഷിക്കുവാൻ ഒന്നും ഇല്ല എങ്കിലും അമ്മ ഒരു പാട്ടെഴുതി. ആ പാട്ട് ഞാൻ പാടി കേൾപ്പിക്കാം എന്നു പറഞ്ഞുകൊണ്ട് ആ അമ്മ വിശന്നു നിൽകുന്ന മകനെ താൻ അന്ന് എഴുതിയ പാട്ടി പാടി കേൾപ്പിച്ചു. ആ ഗാനമാണ് പതിറ്റാണ്ടുകൾ കൊണ്ട് അത് ആത്മീയ ലോകം പാടുന്ന *''പോർക്കളത്തിൽ നാം പൊരുതുക ധീരരായ്''* എന്ന അനുഗ്രഹീത ഗാനം. ഈ പാട്ടെഴുതിയത് അച്ചാമ്മ മാത്യു എന്ന ദൈവദാസിയാണ്. ഈ ലേഖനത്തിൽ ചുരുക്കം ചില ഗാനങ്ങളെക്കുറിച്ചാണ് ഞാൻ രേഖപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ എത്രയോ ആയിരക്കണക്കിനു ഗാനങ്ങൾ നമുക്ക് പറയുവാൻ കഴിയും. എം.ഇ. ചെറിയാച്ചൻ സാറിനെ പോലെയും, സാധു കൊച്ചുകുഞ്ഞുപദേശിയെപ്പോലെയും എത്രയോ വിലപ്പെട്ട ദൈവദാസന്മാരെയും ദൈവദാസിമാരെ പറ്റിയും പറയുവാൻ ഉണ്ട്. ഇവരുടെയെല്ലാം ഗാനങ്ങൾ നമുക്ക് പ്രത്യാശയും ആശ്വാസവും നൽകുകയും കർത്താവിന് മഹത്വം ഉണ്ടാകുകയും ചെയ്യുന്ന ഗാനങ്ങൾ ആകുന്നു. നമ്മുടെ സഭാ ആരാധനകളിലും കുടുംബങ്ങളിലും വ്യക്തിപരമായും ഒക്കെ ഈ ഗാനങ്ങൾ നാം പാടി കർത്താവിനെ സ്തുതിക്കുന്നു.

നമ്മുടെ സഭാ ആരാധനയിൽ നമ്മുടെ കർത്താവിനെ സ്തുതിക്കുന്ന ഗാനങ്ങൾ ആയിരിക്കണം പ്രാരംഭത്തിൽ നാം പാടേണ്ടത് എന്നാണ് എന്റെ അഭിപ്രായം, കാരണം സങ്കീർത്തനക്കാരൻ പറയുന്നു ''യഹോവയ്ക്കു പാടുവിൻ, അവനു പാടുവിൻ, അവനു കീർത്തനം പാടുവിൻ (സങ്കീ. 105:2). നമ്മുടെ പാട്ടുകൾ ഒക്കെയും ദൈവത്തിനു ഉള്ളതായിരിക്കണം. 'സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ' (സങ്കീ. 100:2), 'യഹോവയ്ക്ക് പാടി അവന്റെ നാമത്തെ വാഴ്ത്തുവിൻ (സങ്കീ. 96:2), യഹോവ പകൽ നേരത്ത് തന്റെ ദയ കൽപിക്കും, രാത്രി സമയത്ത് ഞാൻ അവനു പാട്ടു പാടികൊണ്ടിരിക്കും (സങ്കീ. 42:8). 'എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു എന്റെ കൃതി രാജാവിന് വേണ്ടിയുള്ളത്' (സങ്കീ. 45:1). കോരഹ് പുത്രന്മാരുടെ കൃതി രാജാവിനു വേണ്ടിയുള്ളതായിരുന്നു (ദൈവത്തിനുവേണ്ടി). ഈ വചനങ്ങളെല്ലാം കാണിക്കുന്നത് നമ്മുടെ പാട്ടുകൾ ദൈവത്തിന് വേണ്ടിയുള്ളതായിരിക്കണം എന്നതാണ്. പഴയനിയമ ആരാധനയിൽ പാട്ടുകൾ പാടിയിരുന്നത് ദൈവത്തിന് വേണ്ടിയായിരുന്നു. പുതിയനിയമത്തിലും അപ്പോസ്തലന്മാർ ദൈവത്തിന് സ്തുതി പാടിയിരുന്നതായി നാം കാണുമ്പോൾ നാം അത് തന്നെ തുടരേണം എന്നും വചനം നമ്മെ പഠിപ്പിക്കുന്നു. 'സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും.... (കൊലോ. 3:16, എഫേ. 5:19) എന്നീ വചനങ്ങൾ ഒക്കെയും അപ്പോസ്തലന്മാരുടെയും കൂട്ടായ്മയിൽ ആത്മീയ ഗാനങ്ങൾ പ്രാധാന്യം ഉണ്ടായിരുന്നതായും നാമും അത് തുടരണമെന്നും ആഹ്വാനം ചെയ്യുന്നു.

**സ്വർഗത്തിലെ പാട്ടുകൾ (Songs in the Heaven)**

ഭൂമിയിലെപോലെ തന്നെ സ്വർഗ്ഗത്തിലും പാട്ട് ഉണ്ട്. ഇപ്പോൾ പാടുന്ന പാട്ട് സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ എന്ന വരികൾ അടങ്ങുന്ന പാട്ടാണ്. യെശ. 6:1-3 എന്നാൽ സഭ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ പാടുന്ന പാട്ട് കുഞ്ഞാടെ നീ യോഗ്യൻ; നീ അറുക്കപ്പെട്ടു, നിന്റെ രക്തം കൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി.... തുടങ്ങിയ വരികൾ അടങ്ങുന്ന വീണ്ടെടുപ്പിൻ ഗീതവും ഹല്ലേലുയ സ്തുതി ഗീതങ്ങളും ആയിരിക്കും (വെളി. 5:9-10, 19:1) സ്വർഗത്തിലെ സംഗീത സദസിനോടു കൂടെ നാമും നമ്മുടെ രക്ഷകനായിരിക്കുന്ന വാഴ്ത്തപ്പെട്ട കർത്താവിനെ പാടി ആരാധിക്കും. ആ സമയങ്ങൽ സമാഗമിച്ചിരിക്കുന്നു. വരൂ നമുക്ക് പാടി കർത്താവിനെ മഹത്വപ്പെടുത്താം, അതിനായി കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ!

●

## New Batch of Diploma in Christian Counseling Commences

**Mumbai :** The Counselling Department of the Church of God in India, Central West Region commenced the 5th Batch of the Diploma in Christian Counselling Course on August 1, 2026.The course is designed to equip participants with a basic understanding of Christian counselling and to help them stand alongside people in their struggles, understand their needs, and support them with the love of Christ, leading them toward positive transformation.

**The 5th batch is being conducted under the leadership of Pastor Manu K. Chacko, Director of the Counseling Department, and Pastor Biju M. G., Secretary.**



डॉ. शिबू थॉमस

एपिसोड ३

# सेवक और सेवकाई

## नफ़रत के बीच प्रेम का सुसमाचार

**जब संसार बाँटता है, तब मसीह का सेवक जोड़ता है।**

आज हम ऐसे समय में जी रहे हैं जहाँ लोगों के बीच दूरी बढ़ती जा रही है। धर्म, जाति, भाषा, क्षेत्र और राजनीति के कारण लोग एक-दूसरे को समझने से पहले उनके बारे में निर्णय बना लेते हैं। बातचीत बहुत जल्दी बहस में बदल जाती है और मतभेद कई बार नफ़रत का रूप ले लेते हैं। ऐसे माहौल में एक महत्वपूर्ण प्रश्न हमारे सामने खड़ा होता है: मसीह का सेवक किस प्रकार का जीवन जिए?

क्या हम भी वही भाषा बोलें जो संसार बोल रहा है? क्या हम क्रोध का उत्तर क्रोध से दें और विरोध का उत्तर विरोध से? या फिर हमें उस प्रभु की तरह जीना है जिसने सत्य से कभी समझौता नहीं किया, फिर भी प्रेम करना नहीं छोड़ा?

यीशु के जीवन में हमें सत्य और प्रेम का सुंदर संतुलन दिखाई देता है। यूहन्ना लिखता है, वचन देहधारी हुआ और हमारे बीच में डेरा किया... जो अनुग्रह और सत्य से परिपूर्ण था। (यूहन्ना १:१४) यीशु ने पाप को सही नहीं कहा, लेकिन पापी के लिए आशा का द्वार बंद भी नहीं किया। उन्होंने लोगों की गलतियों को दिखाया, लेकिन उन्हें अपमानित करके नहीं छोड़ा। उन्होंने सत्य बोला, पर प्रेम के साथ बोला।

आज एक सेवक के लिए यही सबसे बड़ी चुनौती है। बिना प्रेम के बोला गया सत्य कठोर बन सकता है, और बिना सत्य का प्रेम केवल लोगों को खुश करने का प्रयास बन सकता है। मसीह का सेवक दोनों को साथ लेकर चलता है। वह परमेश्वर के वचन पर दृढ़ रहता है, लेकिन उसकी भाषा में नम्रता और उसके व्यवहार में करुणा दिखाई देती है।

यीशु ने कहा, यदि तुम आपस में प्रेम रखोगे, तो इसी से सब जानेंगे कि तुम मेरे चेले हो। (यूहन्ना १३:३५) उन्होंने यह नहीं कहा कि संसार हमें केवल हमारे ज्ञान, हमारे बड़े चर्च, हमारे प्रचार या हमारी प्रसिद्धि से पहचानेगा। उन्होंने प्रेम को हमारी पहचान बनाया। इसका अर्थ है कि हमारा जीवन हमारे संदेश से मेल खाना चाहिए।

अपने सेवकाई के वर्षों में मैंने यह सीखा है कि हर आलोचना का उत्तर देना आवश्यक नहीं होता। हर बहस में उतरना बुद्धिमानी नहीं होती और हर मौन कमजोरी नहीं होता। कई बार हम बहस जीत सकते हैं, लेकिन व्यक्ति का हृदय हार सकते हैं। हमारा बुलावा केवल यह सिद्ध करना नहीं कि हम सही हैं। हमारा उद्देश्य लोगों को मसीह तक पहुँचाना है।

सोशल मीडिया के समय में हर घटना पर प्रतिक्रिया देने का दबाव रहता है। लेकिन बोलने से पहले एक सेवक को स्वयं से पूछना चाहिए: क्या मेरे शब्द मसीह को प्रकट कर रहे हैं, या केवल मेरे अपने क्रोध को? क्या मेरी बात सुनने के बाद लोग यीशु के और निकट आएँगे, या मेरे व्यवहार के कारण उससे और दूर चले जाएँगे?

यीशु ने कहा, धन्य हैं वे, जो मेल कराने वाले हैं, क्योंकि वे परमेश्वर के पुत्र कहलाएँगे। (मत्ती ५:९) सेवक का काम आग को और बढ़ाना नहीं, बल्कि मेल-मिलाप का मार्ग बनाना है। जहाँ लोग टूट रहे हों, वहाँ उसे जोड़ने का कार्य करना चाहिए। जहाँ कटुता हो, वहाँ उसे क्षमा का संदेश देना चाहिए। जहाँ लोग एक-दूसरे को शत्रु मान रहे हों, वहाँ उसे याद दिलाना चाहिए कि क्रूस के नीचे हम सब परमेश्वर के अनुग्रह पर निर्भर हैं।

पौलुस लिखता है कि परमेश्वर ने हमें मेल-मिलाप की सेवकाई सौंपी है। (२ कुरिन्थियों ५:१८) इसलिए एक पास्टर केवल रविवार को उपदेश देने वाला व्यक्ति नहीं है। वह टूटे हुए परिवारों के बीच आशा लेकर जाता है। वह क्रोधित लोगों को क्षमा का रास्ता दिखाता है। वह दीवारें खड़ी नहीं करता, बल्कि पुल बनाता है।

यह सब तब और कठिन हो जाता है जब सेवक स्वयं विरोध या सताव का सामना करता है। प्रेम की बात करना उस समय आसान है जब सब कुछ शांत हो। लेकिन जब हमारे विश्वास का मजाक उड़ाया जाए, जब हमारे उद्देश्य पर संदेह किया जाए, या जब हमें गलत समझा जाए, तब प्रेम में बने रहना कठिन होता है।

फिर भी यीशु ने कहा, अपने शत्रुओं से प्रेम रखो और जो तुम्हें सताते हैं, उनके लिए प्रार्थना करो। (मत्ती ५:४४) इसका अर्थ यह नहीं कि गलत बात को सही माना जाए। इसका अर्थ है कि दूसरे व्यक्ति का व्यवहार यह तय नहीं करेगा कि हम कौन बनेंगे। हम अपने विरोधियों की नकल नहीं करेंगे। हम अपने प्रभु का अनुसरण

क्रूस पर यीशु ने कहा, हे पिता, इन्हें क्षमा कर, क्योंकि ये नहीं जानते कि क्या कर रहे हैं। (लूका २३:३४) क्षमा कमजोरी नहीं है। क्षमा का अर्थ है कि हम अपने हृदय को नफ़रत और बदले की भावना का कैदी बनने से मना कर रहे हैं।

एक सेवक को अपने हृदय की रक्षा करनी चाहिए, क्योंकि विरोध से अधिक खतरनाक कटुता होती है। चोट बाहर से आती है, लेकिन कटुता भीतर जन्म लेती है। यदि हम सावधान न रहें, तो धीरे-धीरे हम लोगों को आत्माओं की तरह नहीं, समस्याओं की तरह देखने लगते हैं। हम सेवा तो करते हैं, लेकिन प्रेम के बिना। और प्रेम के बिना सेवकाई बाहर से चलती हुई दिखाई दे सकती है, पर उसके भीतर मसीह का स्वभाव कम होने लगता है।

नीतिवचन कहता है, सब से अधिक अपने मन की रक्षा कर; क्योंकि जीवन का मूल स्रोत वही है। (नीतिवचन ४:२३) इसलिए अपनी सेवकाई, अपनी प्रतिष्ठा और अपने मंच से पहले अपने हृदय की रक्षा कीजिए।

पौलुस ने लिखा, बुराई से मत हारो, परन्तु भलाई के द्वारा बुराई पर जय प्राप्त करो। (रोमियों १२:२१) यही मसीही सेवकाई का मार्ग है। बुराई का उत्तर बुराई से देना संसार का स्वभाव है, लेकिन भलाई के द्वारा बुराई पर विजय पाना मसीह का मार्ग है।

आज संसार को केवल अच्छे वक्ताओं की आवश्यकता नहीं है। उसे ऐसे सेवकों की आवश्यकता है जो सत्य पर दृढ़ हों, लेकिन व्यवहार में नम्र हों; जो अपने विश्वास के विषय में स्पष्ट हों, लेकिन दूसरे व्यक्ति का सम्मान करना न भूलें; और जो केवल मसीह के बारे में न बताएँ, बल्कि अपने जीवन के द्वारा लोगों को मसीह की एक झलक दिखाएँ।

अंत में लोग हमारे सभी उपदेशों को शायद याद न रखें, लेकिन वे यह अवश्य याद रखेंगे कि हमने उनके साथ कैसा व्यवहार किया। जब संसार बांटने में लगा हो, तब मसीह का सेवक जोड़ता है। जब संसार नफ़रत की भाषा बोलता हो, तब वह प्रेम की भाषा बोलता है। और जब चारों ओर अंधकार बढ़ता दिखाई दे, तब वह अपने जीवन से प्रमाण देता है कि मसीह का प्रकाश अब भी चमक रहा है। ●

# एक ऐसा है जो आपसे असीम प्रेम करता है....

से लगभग असम्भव है, परन्तु परमेश्वर ने यही किया। उसने अपने पुत्र को इसलिए नहीं भेजा क्योंकि हम योग्य थे, बल्कि इसलिए कि वह हमसे प्रेम करता था।

**क्रूस-प्रेम की सर्वोच्च अभिव्यक्ति**

यीशु इस संसार में केवल शिक्षा देने या चमत्कार करने नहीं आए थे। उनका मुख्य उद्देश्य था- खोए हुओं को ढूँढना और उनका उद्धार करना। (लूका १९:१०)

क्रूस पर यीशु की मृत्यु परमेश्वर के न्याय और प्रेम का अद्भुत संगम है। परमेश्वर न्यायी है, इसलिए पाप को दण्ड देना आवश्यक था। साथ ही वह प्रेमी भी है, इसलिए उसने पापी को दण्ड देने के स्थान पर अपने निष्पाप पुत्र को हमारे स्थान पर बलिदान होने दिया।

इसीलिए पौलुस लिखता है- परमेश्वर हम पर अपने प्रेम की भलाई इस रीति से प्रकट करता है कि जब हम पापी ही थे, तभी मसीह हमारे लिए मरा। (रोमियों ५:८)

यशायाह ने सदियों पहले भविष्यवाणी की थी- हम सब भेड़ों की नाईं भटक गए थे... और यहोवा ने हम सब के अधर्म का बोझ उसी पर लाद दिया। (यशायाह ५३:६) यीशु ने हमारे पापों का दण्ड स्वयं सह लिया ताकि हम क्षमा और नया जीवन प्राप्त कर सकें।

**केवल यीशु ही उद्धारकर्ता है**

इतिहास में अनेक धार्मिक शिक्षक हुए हैं, परन्तु उद्धारकर्ता केवल एक है-यीशु मसीह। उसने स्वयं कहा- मार्ग और सच्चाई और जीवन मैं ही हूँ; बिना मेरे द्वारा कोई पिता के पास नहीं पहुँच सकता। (यूहन्ना १४:६)

उद्धार तीन महान सत्यों को स्वीकार करने पर आधारित है-

१. यीशु परमेश्वर का पुत्र है।

२. उसने हमारे पापों के लिए क्रूस पर प्राण दिए।

३. मनुष्य अपने प्रयासों से नहीं, केवल यीशु के अनुग्रह और बलिदान के द्वारा उद्धार पा सकता है।

**यह प्रेम सबके लिए है**

परमेश्वर का प्रेम किसी जाति, भाषा, रंग, शिक्षा या आर्थिक स्थिति तक सीमित नहीं है। चाहे कोई धनी हो या निर्धन, शिक्षित हो या अशिक्षित, सम्मानित हो या उपेक्षित-परमेश्वर प्रत्येक व्यक्ति से समान प्रेम करता है।

उसका निमंत्रण आज भी खुला है। वह चाहता है कि प्रत्येक मनुष्य उसके प्रेम को स्वीकार करे, अपने पापों से पश्चाताप करे और यीशु मसीह पर विश्वास करके अनन्त जीवन पाए। प्रेरित पौलुस का व्यक्तिगत अनुभव प्रत्येक विश्वासी का अनुभव बन सकता है- परमेश्वर के पुत्र ने मुझ से प्रेम किया और मेरे लिए अपने आप को दे दिया। (गलातियों २:२०)

**निष्कर्ष**

यदि आज आपके मन में यह प्रश्न उठता है कि क्या संसार में कोई वास्तव में आपसे प्रेम करता है, तो उत्तर स्पष्ट है-हाँ! परमेश्वर आपसे प्रेम करता है। उसका प्रेम केवल शब्दों में नहीं, बल्कि क्रूस पर बहाए गए यीशु मसीह के लहू में प्रकट हुआ है। यही प्रेम आपको क्षमा देता है, नया जीवन देता है और अनन्त आशा प्रदान करता है।

इसलिए आज ही विश्वास के साथ कहिए- **यीशु मुझसे प्रेम करता है, और उसने मेरे लिए अपने आप को दे दिया।** यही सुसमाचार का हृदय है, यही मानव जीवन की सबसे बड़ी आशा है, और यही परमेश्वर के प्रेम का अनन्त संदेश है।

परमेश्वर आपको आशीष दे! ●

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ നവി മുംബൈ ഡിസ്ട്രിക്ട് സംയുക്ത ആരാധന

**നവി മുംബൈ :** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, നവി മുംബൈ ഡിസ്ട്രിക്ടിന്റെ സംയുക്ത ആരാധന പനവേൽ കാന്ത കോളനിയിലെ ലോട്ടറി ക്ലബ് ഹാളിൽ അനുഗ്രഹമായി നടന്നു. ജൂൺ 21 ഞായറാഴ്ച രാവിലെ 9 മണിക്ക് ഡിസ്ട്രിക്ട് പാസ്റ്റർ മാത്യു സാമുവേലിന്റെ അധ്യക്ഷതയിൽ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പാസ്റ്റർ ജിക്സൺ ജെയിംസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ വി.ഒ. വർഗീസ് സങ്കീർത്തന പ്രബോധനം നടത്തി.

മുഖ്യാതിഥിയായ റീജണൽ ഓവർസിയർ പാസ്റ്റർ ഇ.പി. സാംകുട്ടി, എബ്രായർ 2:1-4 ആസ്പദമാക്കി ദൈവവചനം ശുശ്രൂഷിച്ചു. ഡിസ്ട്രിക്ടിലെ മറ്റ് ദൈവദാസന്മാരും വിവിധ ശുശ്രൂഷകളിൽ പങ്കെടുത്തു. ഇരുന്നൂറ്റി അൻപതിലധികം വിശ്വാസികൾ സംയുക്ത ആരാധനയിൽ പങ്കെടുത്തു. യോഗത്തിൽ പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ് പരീക്ഷകളിൽ ഡിസ്ട്രിക്ടിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പാരിതോഷികങ്ങൾ വിതരണം ചെയ്തു. കൂടാതെ റീജിയന്റെ സെൻട്രലൈസ്ഡ് സൺഡേ സ്കൂളിൽ വിജയികളായ വിദ്യാർത്ഥികളെയും അനുമോദിച്ചു.

ട്രഷറർ ബ്രദർ സിജുമോൻ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് പ്രാർത്ഥനയോടും റീജണൽ ഓവർസിയറുടെ ആശീർവാദത്തോടും കൂടി യോഗം അനുഗ്രഹമായി സമാപിച്ചു.

# SADHWARTHA

P.O. Box No. 7213, Chembur, Mumbai 400071. Tel: 25251834
email : sadhwartha@gmail.com

For Private Circulation only.


# വിമർശനങ്ങളോടുള്ള ക്രിസ്തീയ സമീപനം



**Pastor Jixen James**
Navi Mumbai

**A. Constructive Criticism (സൃഷ്ടിപരമായ വിമർശനം)**

ഇത് വ്യക്തിയെ തിരുത്താനും വളർത്താനുമുള്ള വിമർശനമാണ്. ലക്ഷണങ്ങൾ: തെറ്റുകളെ സ്നേഹത്തോടെ ചൂണ്ടിക്കാണിക്കുക, അവയെ തിരുത്താൻ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുക, പ്രാർത്ഥനയും പ്രോൽസാഹനവും നൽകി സഹായിക്കുക, വളർച്ച ലക്ഷ്യമാക്കുക ഇത് എങ്ങനെ സ്വീകരിക്കണം?

**1. വളർച്ചയുടെ മനോഭാവം സ്വീകരിക്കുക:** മറ്റുള്ളവരുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും വളർച്ചയ്ക്കും വിജയത്തിനും അനിവാര്യമാണ്.

**2. വിനയത്തോടെ കേൾക്കുക:** തിരുത്തലുകൾ കേൾക്കാൻ തയ്യാറാകുന്നവരാണ് യഥാർത്ഥ ജ്ഞാനികൾ.

**3. ആത്മപരിശോധന നടത്തുക:** വിമർശനത്തെ വ്യക്തിത്വവുമായി കലർത്തരുത്. തെറ്റുകൾ ഉണ്ടായാലും അത് നിങ്ങളുടെ മുഴുവൻ കഴിവില്ലായ്മയെ സൂചിപ്പിക്കുന്നില്ല.

**4. വിമർശകനെ വിമർശനത്തിൽ നിന്ന് വേർതിരിക്കുക:** നമുക്ക് ഇഷ്ടമില്ലാത്തവരിൽ നിന്നും പോലും ചില നല്ല നിർദ്ദേശങ്ങൾ ലഭിക്കാം.

**5. പൂർണ്ണതയല്ല, പുരോഗതിയാണ് ലക്ഷ്യം:** ആരും പൂർണ്ണരല്ല. എന്നാൽ ദിവസേന മെച്ചപ്പെടാൻ ശ്രമിക്കണം.

**6. പ്രാവർത്തികമാക്കുക:** വിമർശനത്തിൽ നിന്നുള്ള നല്ല നിർദ്ദേശങ്ങൾ ജീവിതത്തിൽ നടപ്പിലാക്കണം. പ്രബോധനം ഇഷ്ടപ്പെടുന്നവൻ പരിജ്ഞാനം ഇഷ്ടപ്പെടുന്നു; ശാസന വെറുക്കുന്നവനോ മൃഗപ്രായൻ' (സദൃശ. 12:1).

**B. ബൈബിളിൽ ഘോര വിമർശനങ്ങളെ വിജയിച്ച വ്യക്തികൾ**

**1. നെഹെമ്യാവ് :** പരിഹാസത്തെ അതിജീവിച്ച നേതാവ്

യെരൂശലേം മതിൽ പണിയുമ്പോൾ സൻബല്ലത്തും തോബീയാവും നെഹെമ്യാവിനെ പരിഹസിക്കുകയും അപമാനിക്കുകയും ചെയ്തു: അവർ പണിയുന്നതു കുറുക്കൻ കയറിയാലും ഇടിഞ്ഞുപോകും (നെഹെമ്യാവ് 4:3). എന്നാൽ നെഹെമ്യാവ് വിമർശനത്തിൽ തകർന്നില്ല. അവൻ പ്രാർത്ഥിക്കുകയും ജോലി തുടരുകയും ചെയ്തു. നെഹെമ്യാവിൽ നിന്നും പഠിക്കേണ്ടത്: വിമർശനം വന്നാലും ദൗത്യം നിർത്തരുത്. ദൈവവിളി മനുഷ്യരുടെ അഭിപ്രായത്തെക്കാൾ വലുതാണ്.

**2. ദാവീദ് – അപമാനത്തെ ആത്മീയ വിജയമാക്കിയവൻ**

ശിമെയി ദാവീദിനെ ശപിക്കുകയും കല്ലെറിയുകയും ചെയ്തു (2 ശമൂവേൽ 16:513). ദാവീദിന് പ്രതികാരം ചെയ്യാമായിരുന്നു. പക്ഷേ അവൻ ശാന്തനായി നിന്നു. അവൻ പ്രതികാര മനോഭാവം കാണിച്ചില്ല; ദൈവം ഇതിലൂടെ എന്തെങ്കിലും പഠിപ്പിക്കുന്നുണ്ടോ എന്ന് ചിന്തിച്ചു. ആത്മീയ പക്വതയുള്ളവർ എല്ലാ വിമർശനങ്ങൾക്കും പ്രതികാരം ചെയ്യില്ല.

**C. വിമർശനത്തിന്റെ പ്രായോഗിക വശങ്ങൾ**

വിമർശനം കേൾക്കുന്നത് എളുപ്പമല്ല. എന്നാൽ ജീവിതത്തിലെ എല്ലാ മേഖലകളിലും വിമർശനം ഒരു യാഥാർത്ഥ്യമാണ്. അതിനെ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാൻ പഠിച്ചാൽ അത് വ്യക്തിത്വ വളർച്ചയ്ക്കും ആത്മീയ പക്വതയ്ക്കും വലിയ സഹായമാകും.

**1. കുടുംബജീവിതത്തിൽ വിമർശനം**

കുടുംബത്തിൽ ഭർത്താവും ഭാര്യയും മാതാപിതാക്കളും മക്കളും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. സ്നേഹമില്ലാതെ പറയുന്ന വിമർശനം കുടുംബബന്ധങ്ങളെ തകർക്കും; എന്നാൽ സ്നേഹത്തോടെ പറയുന്ന തിരുത്തൽ കുടുംബത്തെ ശക്തമാക്കും. നീ ഒരിക്കലും ശരിയാവില്ല എന്നത് നാശകര വിമർശനമാണ്. ഇത് ഇങ്ങനെ ചെയ്താൽ കൂടുതൽ നന്നാകും എന്നത് സൃഷ്ടിപര വിമർശനമാണ്. കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു (എഫെ. 4:29).

**2. സഭയിലെ വിമർശനം**

സഭയിൽ ശുശ്രൂഷ ചെയ്യുന്നവരും വിമർശനങ്ങൾ നേരിടും. ചിലപ്പോൾ അസൂയ, അഭിപ്രായവ്യത്യാസം, തെറ്റിദ്ധാരണ എന്നിവ വിമർശനത്തിന് കാരണമാകും. സഭയിൽ വിമർശനം കൈകാര്യം ചെയ്യേണ്ട വിധം: ആത്മീയ പക്വതയോടെ കേൾക്കുക; സത്യമുള്ള ഭാഗം സ്വീകരിക്കുക; അനാവശ്യ തർക്കങ്ങളിൽ ഏർപ്പെടരുത്; പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ കാര്യങ്ങൾ വയ്ക്കുക; ശുശ്രൂഷ നിർത്തരുത്; വിനയത്തോടെ ആത്മപരിശോധന നടത്തുക. ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നവനോ ദൈവത്തെ പ്രസാദിപ്പിക്കുന്നവനോ? (ഗലാത്യർ 1:10).

**3. ജോലി സ്ഥലത്ത് വിമർശനം**

ജോലിസ്ഥലത്ത് മേലുദ്യോഗസ്ഥരിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും അഭിപ്രായങ്ങൾ കേൾക്കേണ്ടി വരും. നല്ല സമീപനം: വിമർശനത്തെ വ്യക്തിപരമായ ആക്രമണമെന്നു കരുതരുത്; മെച്ചപ്പെടുത്താനുള്ള അവസരമായി കാണുക; വികാരാധീനമായി പ്രതികരിക്കരുത്; പ്രൊഫഷണൽ മനോഭാവം പുലർത്തുക; തെറ്റുകൾ തിരുത്താൻ തയ്യാറാകുക; വിമർശനത്തെ അനുഭവപാഠമാക്കുക. ശാസന നിരസിക്കുന്നവന് ദാരിദ്ര്യവും ലജ്ജയും; ശാസന കൈക്കൊള്ളുന്നവന് മഹത്വവും (സദൃ. 13:18).

**4. സോഷ്യൽ മീഡിയ കാലത്തെ വിമർശനം**

ഇന്ന് സോഷ്യൽ മീഡിയയിലൂടെ ആളുകൾ വളരെ വേഗത്തിൽ വിമർശിക്കുകയും വിധിക്കുകയും ചെയ്യുന്നു. പലരും യാഥാർത്ഥ്യം അറിയാതെ അഭിപ്രായങ്ങൾ പറയാറുണ്ട്. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ: എല്ലാ അഭിപ്രായങ്ങൾക്കും മറുപടി പറയേണ്ടതില്ല; ഓൺലൈൻ വിമർശനങ്ങളെ ഹൃദയത്തിൽ സൂക്ഷിക്കരുത്; അപമാനകരമായ ചർച്ചകളിൽ ഏർപ്പെടരുത്; ആത്മനിയന്ത്രണം പാലിക്കണം; സത്യമുള്ള വിമർശനം മാത്രം സ്വീകരിക്കുക. വാക്കുകളുടെ പെരുപ്പത്തിൽ ലംഘനം ഇല്ലാതെ ഇരിക്കയില്ല (സദൃശ. 10:19).

**5. വ്യക്തിജീവിതത്തിൽ വിമർശനം**

ഓരോ വ്യക്തിക്കും കുറവുകളും തെറ്റുകളും ഉണ്ടാകും. വിമർശനം സ്വയം വിലയിരുത്താനുള്ള കണ്ണാടിയായി ഉപയോഗിക്കണം. സ്വയം ചോദിക്കേണ്ട ചോദ്യങ്ങൾ: ഇതിൽ സത്യമുണ്ടോ? ഞാൻ എന്താണ് പഠിക്കേണ്ടത്? ഇത് എന്നെ എങ്ങനെ മെച്ചപ്പെടുത്തും? ദൈവം ഇതിലൂടെ എന്തെങ്കിലും പഠിപ്പിക്കുന്നുണ്ടോ? പ്രബോധനം ത്യജിക്കുന്നവൻ തന്റെ പ്രാണനെ നിരസിക്കുന്നു; ശാസന കേട്ടനുസരിക്കുന്നവനോ വിവേകം സമ്പാദിക്കുന്നു. (സദൃശവാക്യം 15:32).

ഓരോ വിമർശനവും നമ്മെ തകർക്കാനല്ല വരുന്നത്; ചിലത് നമ്മെ ദൈവം രൂപപ്പെടുത്താൻ ഉപയോഗിക്കുന്ന ഉപകരണങ്ങളാണ്. നമ്മുടെ കർത്താവായ യേശു പറഞ്ഞു: എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. (മത്താ. 5:11). ജ്ഞാനിയായ വ്യക്തി വിമർശനത്തിൽ നിന്നും പാഠം പഠിച്ച് കൂടുതൽ പക്വതയിലേക്ക് വളരും. വിമർശനത്തെ ശരിയായി കൈകാര്യം ചെയ്യുന്നവൻ ജീവിതത്തിൽ സ്ഥിരതയും ആത്മീയ വിജയവും നേടും. കർത്താവ് നമുക്കെല്ലാവർക്കും വിവേകവും സൗമ്യതയും നൽകട്ടെ.

## മധ്യപ്രദേശ് സ്റ്റേറ്റ് ഇവാഞ്ചലിസം കോർഡിനേറ്ററായി നിയമിതനായി



**മധ്യപ്രദേശ്:** മധ്യപ്രദേശ് സ്റ്റേറ്റ് ഇവാഞ്ചലിസം കോർഡിനേറ്ററായി പാസ്റ്റർ ബിജു തോമസിനെ നിയമിച്ചു. നിലവിൽ സാരണി സഭയുടെ ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചുവരികയാണ്. സദ്വാർത്ത കുടുംബത്തിൻെറ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും.

## കൗൺസലിംഗ് ഡിപ്പാർട്ട്മെന്റിന്റെ പുതിയ ഡയറക്ടറായി പാസ്റ്റർ മനു കെ. ചാക്കോ നിയമിതനായി



**മുംബൈ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, സെൻട്രൽ വെസ്റ്റ് റീജിയന്റെ കൗൺസലിംഗ് ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടറായി പാസ്റ്റർ മനു കെ. ചാക്കോയെ റീജിയണൽ കൗൺസിൽ നിയമിച്ചു.

നിലവിൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ ഗോവാ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന അദ്ദേഹം, മഡ്ഗാവിലെ ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനുമാണ്. കൂടാതെ, സെൻട്രൽ വെസ്റ്റ് റീജിയന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ സദ്വാർത്തയുടെ ചീഫ് എഡിറ്ററായും സേവനം അനുഷ്ഠിച്ചുവരുന്നു. കൗൺസലിംഗ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി നിരവധി വർഷങ്ങളായി സേവനം അനുഷ്ഠിച്ചുവരികയായിരുന്നു.

സദ്വാർത്ത കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു.

## श्रीगंगानगर में तीन दिवसीय उपवास प्रार्थना सम्पन्न

श्रीगंगानगर: २८ जून २०२६: स्थानीय पास्टर जॉबी जॉन के नेतृत्व में २६ से २८ जून तक तीन दिवसीय उपवास प्रार्थना सभा आयोजित की गई। मुख्य वक्ता पास्टर एम. पी. गौतम (एींरपसशश्रळीा ऊळीशलीीं, उजऋ-उथठ) ने परमेश्वर के वचन से सेवकाई की। आराधना, वचन और प्रार्थना के माध्यम से विश्वासियों को आत्मिक जागृति और विश्वास में दृढ़ होने के लिए प्रेरित किया गया। तीन लोगों ने बपतिस्मा ग्रहण कर प्रभु यीशु मसीह के गवाह बनने का निर्णय लिया। सभा आत्मिक आशीष और नई ताजगी के साथ सम्पन्न हुई।

## बरेली में पास्टर्स फैमिली सेमिनार एवं विदाई समारोह

बरेली: २८ जुलाई २०२६: चर्च ऑफ गॉड (फुल गॉस्पेल), बरेली डिस्ट्रिक्ट में पास्टर्स फैमिली सेमिनार एवं विदाई समारोह आयोजित किया गया। मुख्य वक्ता पास्टर एम. पी. गौतम (एींरपसशश्रळीा ऊळीशलीीं, उजऋ-उथठ) ने यहोशू २४:१५ के आधार पर सेवक परिवार किस प्रकार कलीसिया के लिए आदर्श बन सकता है? विषय पर संदेश दिया। इस अवसर पर उत्तर प्रदेश स्टेट के एडमिनिस्ट्रेटिव असिस्टेंट पास्टर संजय ऑल्विन ने सेवक परिवारों का अभिनंदन किया। कार्यक्रम में पास्टर साबू थॉमस के समर्पित नेतृत्व के लिए विदाई सम्मान दिया गया और पास्टर प्रेम जोएल ने नए डिस्ट्रिक्ट इन-चार्ज के रूप में कार्यभार ग्रहण किया। कार्यक्रम आत्मिक संगति और आशीष के साथ सम्पन्न हुआ।

## बल्लारशाह में विशेष पास्टर्स मीटिंग सम्पन्न

बल्लारशाह: डिस्ट्रिक्ट पास्टर नैनान एम. अब्राहम के नेतृत्व में विशेष पास्टर्स मीटिंग आयोजित की गई, जिसका संचालन सेक्रेटरी पास्टर सुरेंद्र तावड़े ने किया। बैठक में पास्टरों ने अपनी गवाहियाँ साझा कीं और एक-दूसरे के लिए प्रार्थना की। पास्टर नैनान एम. अब्राहम ने परमेश्वर के वचन से उत्साहवर्धक संदेश दिया। बैठक एकता, उत्साह और सेवकाई के लिए नई सामर्थ के अनुभव के साथ सम्पन्न हुई। सारी महिमा परमेश्वर को मिले!

## पास्टर महावीर प्रसाद गौतम की दूसरी पुस्तक का विमोचन

बदलापुर, ३ जून २०२६: पास्टर महावीर प्रसाद गौतम की दूसरी पुस्तक संदेश सहित कलीसियाई विधियां का विमोचन सम्माननीय पास्टर ई. पी. सामकुट्टी (ओवरसियर) द्वारा महनैम आश्रम, बदलापुर में आयोजित बाइबल कॉलेज ओरिएंटेशन कार्यक्रम के दौरान किया गया।


Printed & Published by : CHURCH OF GOD IN INDIA, Central West Region, Mumbai. Cheif Editor : Pastor Manu K. Chacko - 8208907893
Email : sadhwartha@gmail.com, Typesetting : Anons Graphix - 9820467408 & Printing : R.R. Art Printers. Tel.: 2770 4725 Mobile : 9820 548 243